## പതിനാലാം കേരള നിയമസഭ

### പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2981** **18.06.2019 -ൽ മറുപടിയ്ക്ക്**

**ഉച്ചഭക്ഷണം നൽകുന്ന പദ്ധതി**

| ചോദ്യം | | ഉത്തരം |
|---|---|---|
| **ശ്രീ. അൻവർ സാദത്ത്** | | പ്രൊഫ : സി.രവീന്ദ്രനാഥ് (പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| എ) | സംസ്ഥാനത്തെ സ്കൂളുകളിൽ നടപ്പിലാക്കുന്ന ഉച്ചഭക്ഷണ പദ്ധതിയ്ക്ക് കേന്ദ്രസഹായം ലഭിച്ചിട്ടുണ്ടോ; എത്ര കോടി രൂപയുടെ സഹായമാണ് ലഭിച്ചതെന്ന് വെളിപ്പെടുത്താമോ; | എ) 2019-20 വർഷത്തേയ്ക്ക് സ്കൂൾ ഉച്ചഭക്ഷണ പദ്ധതി നടത്തിപ്പിനായി കേന്ദ്ര വിഹിതമായി 21908.15 ലക്ഷം രൂപ(ഇരുപത്തിഒന്നായിരത്തി തൊള്ളായിരത്തി എട്ട് ലക്ഷത്തി പതിനഞ്ചായിരം രൂപ മാത്രം) അനുവദിക്കുന്നതിന് പദ്ധതിയുടെ പ്രോഗ്രാം അപ്രൂവൽ ബോർഡ് യോഗം അംഗീകാരം നൽകിയിട്ടുണ്ട്. ഈ തുക ഉച്ചഭക്ഷണ പദ്ധതിയുടെ ആവർത്തന ചിലവുകൾക്കും പാചകപ്പുരകളുടെ അറ്റകുറ്റപണി , സ്കൂൾ പച്ചക്കറിതോട്ട നിർമ്മാണം എന്നീ പദ്ധതികൾക്കുമാണ്. |
| ബി) | ഉച്ചഭക്ഷണ പദ്ധതിയിലുൾപ്പെട്ട എല്ലാ സ്കൂളുകൾക്കും പച്ചക്കറിത്തോട്ടം സ്ഥാപിക്കുന്നതിന് കേന്ദ്രസഹായം അനുവദിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | ബി) എല്ലാ സ്കൂളുകൾക്കും പച്ചക്കറിത്തോട്ടം നിർമ്മിക്കുന്നതിനും പരിപാലിക്കുന്നതിനുമായി 2019-20 വർഷം സ്കൂൾ ഒന്നിന് 5000/-(അയ്യായിരം രൂപ) രൂപ വീതം അനുവദിക്കുവാൻ കേന്ദ്ര മാനവ വിഭവശേഷി വികസന വകുപ്പ് തീരുമാനിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച 617.05 ലക്ഷം രൂപയുടെ (അറുന്നൂറ്റി പതിനേഴ് ലക്ഷത്തി അയ്യായിരം രൂപ മാത്രം) പദ്ധതിയ്ക്ക് പ്രോഗ്രാം അപ്രൂവൽ ബോർഡ് അംഗീകാരം നൽകിയിട്ടുണ്ട്. ഇതിൽ 370.23 ലക്ഷം രൂപ (മുന്നൂറ്റി എഴുപത് ലക്ഷത്തി ഇരുപത്തി മൂവായിരം രൂപ) മാത്രം കേന്ദ്ര വിഹിതവും 246.82 ലക്ഷം രൂപ (ഇരുന്നൂറ്റി നാല്പത്തിയാറ് ലക്ഷത്തി എൺപത്തി രണ്ടായിരം രൂപ) സംസ്ഥാന വിഹിതവുമാണ്. |
| സി) | സ്കൂളുകളിലെ പാചകപ്പുര നവീകരിക്കുന്നതിന് സഹായധനം നൽകുന്ന പദ്ധതിപ്രകാരം എത്ര തുകയാണ് ഓരോ സ്കൂളിനും അനുവദിക്കുന്നതെന്ന് അറിയിക്കാമോ? | സി) പാചകപ്പുര നവീകരിക്കുന്നതിന് ഫണ്ട് അനുവദിക്കാറില്ല.കേന്ദ്ര സംസ്ഥാന ഫണ്ടുപയോഗിച്ച് നിർമ്മിച്ച പത്തുവർഷത്തിൻമേൽ പഴക്കമുള്ള പാചകപ്പുരകളുടെ അറ്റകുറ്റപ്പണികൾക്കാണ് നിലവിൽ ഫണ്ട് അനുവദിക്കുന്നത്. |

സെക്ഷൻ ഓഫീസർ